# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 9 27.06.2011-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ വകുപ്പ് വിഭജനവും മന്ത്രിസഭാ ഉപസമിതിയും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്: | | ശ്രീ.ഉമ്മൻചാണ്ടി( മുഖ്യമന്ത്രി) |
| (എ) മൂന്നായിവിഭജിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭരണം നിയന്ത്രിക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി നാലംഗ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഉപസമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; | (എ & ബി) | തദ്ദേശസ്വയംഭരണവകുപ്പ് മൂന്നായിവിഭജിച്ചിട്ടില്ല. ഗവൺമെന്റ് തലത്തിൽ ഒരു അഡീഷണൽ ചീഫ് സെക്രട്ടറി, സെക്രട്ടറി എന്നിവർ അടങ്ങുന്ന ഏക വകുപ്പായാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. വിവിധ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഒന്നിലധികം മന്ത്രിമാർക്കു ഭരണച്ചുമതല നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർക്ക് സെക്രട്ടറിമാർ ഫയലുകൾ സമർപ്പിച്ചു വരുന്നു. കൂടാതെ നിലവിലുള്ള പഞ്ചായത്ത്, നഗരകാര്യം ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായി വരുന്നപക്ഷം തീരുമാനം എടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിമാരായ ശ്രീ.പി.കെ. കുഞ്ഞാലികുട്ടി ശ്രീ.കെ.സി. ജോസഫ് ശ്രീ. എം.കെമുനീർ എന്നിവരുൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉപസമിതിക്ക് എന്തെല്ലാം പ്രത്യേക ചുമതലകളാണുള്ളതെന്ന് | (സി) | തദ്ദേശസ്വയംഭരണവകുപ്പിന് കീഴിലുള്ള, സഹകരണം, ഗ്രാമ വകുപ്പുകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏകോപനം ആവശ്യമായ വിഷയങ്ങളിൽ തീരുമാനം എടുക്കേണ്ടത് ഈ ഉപസമിതിയാണ്. |
| (ഡി) | ഉപസമിതി ഇതിനകം എത്ര തവണ യോഗം ചേർന്നുവെന്നും എന്തെല്ലാം വിഷയങ്ങളിൽ ഏതെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും വിശദമാക്കാമോ? | | ഉപസമിതി ഇതുവരെ യോഗം ചേർന്നിട്ടില്ല |

സെക്ഷൻ ഓഫീസർ